# വിദ്യാഭ്യാസത്തിന്റെ പ്രസക്തി

ഡോ. കെ. ഭാസ്കരൻനായർ

സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം ഇന്ത്യയിലുണ്ടായ പരിവർത്തനങ്ങളുടെ കൂട്ടത്തിൽ ഏററവും ദൂരവ്യാപകമായ ഫലങ്ങൾ ഉളവാക്കുവാൻ പോകുന്നതു് ഇവിടുത്തെ വിദ്യാഭ്യാസയത്നത്തിനുണ്ടായ അഭൂതപൂർവ്വമായ വികാസമാണു്. 1977–ലെ മൊത്തം ജനസംഖ്യയായ 63 കോടിയിൽ പത്തുകോടി വിദ്യാർത്ഥികളാണെന്നാണു് പറയുന്നതു്. ഔദ്യോഗികമായി പ്രസിദ്ധപ്പെടുത്തിയ കണക്കായതുകൊണ്ടു് ഇതു് ശരിയായിരിക്കണം. പക്ഷേ ഈ വിഷയത്തിലെങ്കിലും എണ്ണവും ശതമാനവും മാത്രം നോക്കിയാൽ പോരാ. എന്നു തന്നെയുമല്ല, 'അളവു കൂടിയാൽ ഗുണം കുറയും' (More means worse) എന്ന പഴമൊഴി വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ തികച്ചും പരമാർത്ഥമാണെന്നും വിദഗ്ദ്ധന്മാർക്കു് അഭിപ്രായമുണ്ടു്. ഇന്ത്യയിൽ ഇതു് പ്രത്യക്ഷമായ ഒരു വസ്തുതയാണെന്നു് എല്ലാവർക്കും അറിയാം. വിദ്യാലയത്തിലായാലും പുറത്തായാലും എല്ലാവരും ആദ്യം പഠിക്കുന്നതു് ഭാഷയാണല്ലോ. മാതൃഭാഷയെങ്കിലും എഴുതുവാനും വായിക്കുവാനും പഠിച്ചതിനുശേഷമേ മറെറന്തും പഠിക്കുവാൻ സാധിക്കുകയുള്ളു എന്ന സങ്കല്പം വിദ്യാഭ്യാസപ്രവർത്തനത്തിൽ അടിസ്ഥാനഭൂതമായി നില്ക്കുന്നു. ഇക്കാലത്തു് പുസ്തകക്കെട്ടും പൊതിച്ചോറുമായി പത്തുവർഷം സ്കൂളിൽപോയി വരുന്ന കുട്ടികളിൽ ഒരു നല്ല ശതമാനത്തിനു് മാതൃഭാഷയിലെ എല്ലാ അക്ഷരങ്ങളും നിശ്ചയമാകുന്നില്ല. അപ്പോൾ പിന്നെ മററു വിഷയങ്ങളെപ്പററി എന്തിനു പറയുന്നു ?

വിദ്യാഭ്യാസം ഇനിയും വികസിപ്പിക്കണം, നിരക്ഷരത്വം നിർമ്മാർജ്ജനം ചെയ്യണം, എന്നൊക്കെയുള്ള മുറവിളികൾ നമ്മുടെ രാജ്യത്തു് മുഴങ്ങുന്നുണ്ടു്. ഇവ ആത്മാർത്ഥതയോടെ പ്രഖ്യാപിക്കുന്നവയാണെന്നും, പ്രസ്തുതലക്ഷ്യങ്ങൾ അഭിലഷണീയങ്ങളാണെന്നും ഉള്ളതിൽ സംശയമൊന്നുമില്ല. പക്ഷേ, വികസിക്കുംതോറും കൂടുതൽ കൂടുതൽ വിഫലമായി വരുന്ന ഈ മഹായത്നംകൊണ്ടു് വ്യക്തിക്കും സമഷ്ടിക്കും എന്തു പ്രയോജനം എന്നു ചോദിക്കേണ്ട സന്ദർഭം സമാഗതമായിരിക്കുന്നു. വിദ്യാഭ്യാസയത്നത്തിന്റെ

---

ആചരിക്കാനുള്ള അനുശാസനങ്ങളാണിവ. ഇവയെ അനുസരിക്കുക.''

ഉപകുർവ്വാണബ്രഹ്മചാരി ഗുരുവിന്റെ അനുജ്ഞയോടും ആശിസ്സോടുംകൂടി ഗൃഹത്തിൽ മടങ്ങിയെത്തി അനുരൂപയായ കന്യകയെ വേൾക്കുന്നു. ധാർമ്മികമാർഗ്ഗങ്ങളിൽക്കൂടി ധനം സമ്പാദിച്ചു് ധാർമ്മികങ്ങളായ ഭോഗങ്ങൾ അനുഭവിക്കുന്നു; ഋഷിദേവാദികളോടുള്ള കടങ്ങൾ വീട്ടുന്നു. ഗുരുകുലത്തിൽനിന്നു നേടിയ വേദാധ്യയനത്തെ ആചരിക്കാനും പ്രചരിപ്പിക്കാനും ഉള്ള അവസരമാണു് ഗൃഹസ്ഥാശ്രമം. കടങ്ങൾ വീട്ടി, കടമകൾ നിർവ്വഹിച്ചു്, വലീപലിതനായാൽ, പൗത്രൻ പിറന്നു കഴിഞ്ഞാൽ, ഗാർഹികകൃത്യങ്ങളിൽനിന്നെല്ലാം ഒഴിഞ്ഞു് ഏകാന്തത്തിൽ പോയി തപസ്സിൽ ഏർപ്പെടുന്നു. തീവ്രതപസ്സുകൊണ്ടു് ശുദ്ധചിത്തനായാൽ സർവ്വസംഗപരിത്യാഗിയായി ആത്മാരാമനായി സമദർശനനായി ജീവന്മുക്തനായിത്തീരുന്നു. അവൻ തന്നെ വിദ്വാൻ, ശരിയായ വിദ്യാസമ്പന്നൻ. ആ അവസ്ഥയിലെത്തുമ്പോൾ മാത്രമേ വിദ്യാഭ്യാസം അവസാനിക്കുന്നുള്ളു. ''വിദ്യയാ വിന്ദതേഽമൃതം.''

അജ്ഞാനതിമിരാന്ധസ്യ ജ്ഞാനാഞ്ജനശലാകയാ
ചക്ഷുരുന്മീലിതം യേന തസ്മൈ ശ്രീഗുരവേ നമഃ.

അജ്ഞാനംകൊണ്ടു് അന്ധനായ എന്റെ കൺകളെ ജ്ഞാനാഞ്ജനശലാകകൊണ്ടു് തുറന്നു തന്നരുളിയ ശ്രീഗുരുവിന്റെ അടിമലരിൽ സാഷ്ടാംഗപ്രണാമം.

Digitized by Kerala Sahitya Akademi

പോരായ്മകളെപ്പററിയല്ല അതിന്റെ പ്രസക്തിയെപ്പററിത്തന്നെയാണ് വിദഗ്ദ്ധന്മാരും സാധാരണജനങ്ങളും ഇന്ന് ആദ്യം ചിന്തിക്കേണ്ടി വന്നിരിക്കുന്നത്. കേരളംപോലെയുള്ള സംസ്ഥാനങ്ങൾ പൊതുവരുമാനത്തിന്റെ 40 ശതമാനത്തോളം ഈ പ്രക്രിയയ്ക്ക് ചെലവാക്കുകയാണ്. എന്നിട്ടും ഇതാണ് ഫലമെങ്കിൽ അതിന്റെ ആവശ്യമുണ്ടോ എന്നുപോലും ചോദിക്കുവാൻ നാം ധൈര്യപ്പെടണം.

ഈ ചുററുപാടുകളിൽ 'ത്രിഭാഷാപദ്ധതി'യെപ്പററിയും, '10 + 2 + 3' എന്നും മററുമുള്ള ക്ലാസ്സുകളുടെ കണക്കിനെപ്പററിയും ഘോരഘോരമായ വാദപ്രതിവാദം നടത്തുന്നതു് വെറും കഥയില്ലായ്മയായി തോന്നിപ്പോകുന്നു. മററു പല പൊതുക്കാര്യങ്ങളിലുമെന്നപോലെ ഇതിലും അന്യരാജ്യക്കാരുടെ പ്രശ്നങ്ങളെയും അനുഭവങ്ങളെയും പദ്ധതികളെയും മുൻനിർത്തിയാണ് നമ്മുടെ വിദഗ്ദ്ധന്മാർ ചിന്തിക്കുന്നതു്. ഒരർത്ഥത്തിൽ നോക്കിയാൽ, യൂറോപ്പും അമേരിക്കയും, പിൽക്കാലത്തു് റഷ്യയും ജപ്പാനും, മററു രാജ്യക്കാർക്ക് ദുഷ്പ്രാപമായ ജീവിതമാതൃകകൾ കൈവരിച്ചുകാണിച്ച് മനുഷ്യരാശിയെ വഴിതെററിക്കുകയാണ് ചെയ്തിരിക്കുന്നതെന്ന് പറയേണ്ടിയിരിക്കുന്നു. അവരുടെ അഭിവൃദ്ധിയും ജീവിതനിലവാരവും വികസനലക്ഷ്യങ്ങളും മററു രാജ്യക്കാർക്ക് ഒരിക്കലും ലഭിക്കുവാൻ പോകുന്നില്ല. ഈ ഭുവനഗോളത്തിൽ അതിന്നുവേണ്ട വിഭവങ്ങളില്ല. ഉള്ളതെല്ലാം അക്കൂട്ടർ, ആക്രമണം കൊണ്ടോ മിടുക്കുകൊണ്ടോ, കൈയടക്കി തിന്നു തീർക്കുകയാണ്. സ്കൂളും കോളേജും സർവകലാശാലയും സ്ഥാപിച്ച് ഇളംപ്രായത്തിൽ എല്ലാ വ്യക്തികൾക്കും പരിശീലനം നല്കണമെന്ന പദ്ധതി അവർ പിൻതുടരുകയും പ്രചരിപ്പിക്കുകയും ചെയ്ത പുത്തൻപരിഷ്കാരത്തിന്റെ സംഭാവനയാണ്. അതു് എല്ലാ രാജ്യക്കാർക്കും വേണ്ടതാണെന്നും, അവശ്യം അനുഷ്ഠേയമാണെന്നും ഉള്ള തത്ത്വം അനുക്തസിദ്ധമായി മനുഷ്യവർഗ്ഗം അംഗീകരിക്കുകയും ചെയ്തു. അതിന്റെ വിശദാംശങ്ങളെയും പ്രായോഗികവശങ്ങളെയും കുറിച്ചുല്ലാതെ, ആ തത്ത്വത്തെക്കുറിച്ചുതന്നെ ഒരു ചർച്ചയും എങ്ങും നടക്കുന്നില്ല. പക്ഷേ അതിനിടയ്ക്കു്, സവാരിയിൽ ഭ്രമിച്ച് കുതിരയെ കട്ടുകൊണ്ടുപോയവനെ പററിയതുപോലെ, അതു് താനേ ഓടുകയില്ലെന്നും മുതിരയും മററുതരം വിശിഷ്ടഭക്ഷണങ്ങളും കൊടുക്കണമെന്നും അതിനു് തനിക്കു കഴിവില്ലെന്നും പിൻകിടരാജ്യക്കാർ മനസ്സിലാക്കിത്തുടങ്ങിയിരിക്കുന്നു.

വിദ്യാഭ്യാസം മനോവികാസത്തിനുവേണ്ടിയോ തൊഴിലിനുവേണ്ടിയോ, സാഹിത്യാദി കലകൾക്കുവേണ്ടിയോ സയൻസിനും ടെക്നോളജിക്കും വേണ്ടിയോ, വ്യവസായത്തിനുവേണ്ടിയോ കൃഷിക്കുവേണ്ടിയോ, എന്നുള്ളതൊന്നുമല്ല പിൻകിട രാജ്യങ്ങളെ അഭിമുഖീകരിക്കുന്ന പ്രശ്നം. എന്തിനുവേണ്ടിയായാലും ഈ പ്രക്രിയ നടത്തിക്കൊണ്ടുപോകുവാൻ സാധിക്കുമോ എന്നുള്ളതാണ്. അവസരസമത്വത്തിനും സാമൂഹികനീതിക്കും വേണ്ടിയുള്ള അടങ്ങാത്ത മത്സരം അതിനെ കൊടുമ്പിരിക്കൊള്ളിക്കുകയും ചെയ്യുന്നു. സായിപ്പിന്റെ ഭാഷ സമർത്ഥമായി കൈകാര്യം ചെയ്യുവാൻ കഴിവുള്ളവർക്കുമാത്രമേ വലിയ വലിയ ശമ്പളവും ഐശ്വര്യപൂർണ്ണമായ ജീവിതസൗകര്യങ്ങളും ലഭിക്കുവാൻ അർഹതയുള്ളു എന്ന വ്യവസ്ഥിതി വെല്ലുവിളിക്കപ്പെടാവുന്നതല്ലെ? എഴുതാനും വായിക്കാനും അറിഞ്ഞുകൂടെങ്കിലും വയലിൽ ധാന്യം വിളയിക്കുന്നവനും, ജീവനെപ്പോലും പണയപ്പെടുത്തി ഭൂമിക്കടിയിൽ പോയി കല്ക്കരി വെട്ടുന്നവനും അത്രത്തോളംതന്നെയുള്ള അർഹതയില്ലെന്ന് ആർക്കു പറയാം? എന്നല്ല, ആദ്യത്തെ കൂട്ടർ ഇല്ലെങ്കിലും ലോകജീവിതം നടന്നുപോകും; മറേറക്കൂട്ടർ ഇല്ലെങ്കിൽ മനുഷ്യവർഗ്ഗം നിലനില്ക്കുകയില്ല, എന്നുപോലും പറയാവുന്നതാണ്. ഇങ്ങനെയുള്ള ന്യായവാദങ്ങൾ ഇപ്പോൾത്തന്നെ ഉയർന്നുതുടങ്ങിയിട്ടുണ്ട്. അവയ്ക്ക് കർഷകസമരങ്ങളെന്നും ബോണസ്സ് പ്രശ്നമെന്നും ട്രെയ്ഡ് യൂണിയൻ പ്രവർത്തനങ്ങളെന്നും സംവരണവാദമെന്നും മററും പേരുകൾ കൊടുത്തിട്ടുണ്ടെന്നേയുള്ളു. ഈശ്വരദത്തമെന്നോ ജന്മസിദ്ധമെന്നോ പറയുന്ന ബുദ്ധിശക്തിയുടെയും സാമർത്ഥ്യത്തിന്റെയും അടിസ്ഥാനത്തിലുള്ള അസമത്വങ്ങളും അവസാനിപ്പിക്കണമെന്ന് പാശ്ചാത്യരാജ്യങ്ങളിൽ ഹിപ്പികൾ വാദിച്ചുതുടങ്ങിയിരിക്കുന്നതായി കേൾക്കുന്നു. ഇങ്ങനെ പോയാൽ, മനുഷ്യരായി ജനിച്ചവർക്കെല്ലാം തുല്യമായ ജീവനസൗകര്യം ലഭിക്കണമെന്ന അവകാശം ഉണ്ടാവുകയില്ലെ എന്ന് സംശയം തോന്നിയേക്കാം. സംശയിക്കാനൊന്നുമില്ല.

Digitized by Kerala Sahitya Akademi

ആ നിലയിലേയ്ക്കു തന്നെയാണ്‌ ലോകം നീങ്ങിക്കൊണ്ടിരിക്കുന്നതു്.

ഈ സന്ദർഭത്തിൽ, ശ്രീ സത്യസായിബാബ പറഞ്ഞ ഒരു കഥ ഓർമ്മയിൽ വരുന്നു. സന്ധ്യാവന്ദനം ചെയ്തുകൊണ്ടിരുന്ന പിതാവിനെ നോക്കി പുത്രൻ ചോദിച്ചു: ''അച്ഛൻ എന്തിനാണ്‌ ആ പാത്രത്തിലെ വെള്ളം കളയുവാൻ കരണ്ടികൊണ്ടു് വീണ്ടും വീണ്ടും കോരി ഇങ്ങനെ പാടുപെടുന്നതു്? ആ പാത്രം ഒന്നോടെ കമഴ്ത്തിയാൽ പോരേ?'' 'നിനക്കു് അതൊന്നും മനസ്സിലാവുകയില്ല' എന്നു മറുപടി പറഞ്ഞു് പിതാവു് കർമ്മം തുടർന്നു. രാത്രിയായപ്പോൾ മകൻ പഠിക്കാനിരുന്നു് ഗൃഹപാഠം ചെയ്യുവാൻ തുടങ്ങി. മഷിക്കുപ്പിയിൽ പേന മുക്കി കടലാസ്സിൽ ശ്രദ്ധിച്ചു് എഴുതുന്ന മകനോടു് അച്ഛൻ ചോദിച്ചു: ''നീ എന്തിനാണ്‌ കടലാസ്സിൽ മഷിപുരട്ടുവാൻ ഇങ്ങനെ പാടുപെടുന്നതു്? ആ കുപ്പി ഒന്നോടെ കടലാസ്സിന്മേൽ മറിച്ചാൽ പോരേ?'' ഈ ചോദ്യത്തിനു് സമാധാനം പറയുവാൻ മകൻ വളരെ വിഷമിച്ചുവത്രെ. ഒടുവിൽ അച്ഛൻ പറഞ്ഞ ഉത്തരംതന്നെ നല്കി. അച്ഛനു് അതൊന്നും മനസ്സിലാവുകയില്ല, എന്നു്! ഇന്നത്തെ വിദ്യാഭ്യാസം ഇങ്ങനെ വെളുത്ത കടലാസ്സിന്മേൽ മഷിപുരട്ടി കറുപ്പിക്കുന്ന ഒരു വ്യവസായമാണെന്നു് പറഞ്ഞാലും തെററില്ല. ഏതായാലും കടലാസ്സു നിർമ്മിക്കുന്നവരും മഷിയുണ്ടാക്കുന്നവരും അങ്ങനെ മാത്രമാണ്‌ ആ പ്രക്രിയയെ കാണുന്നതു്. അതിൽ സയൻസും സാഹിത്യവും ചരിത്രവും ഭൂമിശാസ്ത്രവും ഗണിതവും ഗവേഷണവും എല്ലാം ഉൾപ്പെടും. പണ്ടു കാലത്തു് ചെളിക്കട്ടകളിലും (മോഹൻ ജോദാരോ, സുമേരിയ) നിറപ്പകിട്ടുള്ള നൂലാമാലകളിലും (ഇങ്കാസംസ്കാരം) അന്തർഗതങ്ങൾ രേഖപ്പെടുത്തി സമകാലീനർക്കും പിൻതലമുറകൾക്കും കൈപകരുവാൻ ശ്രമിച്ച ജനസമൂഹങ്ങളുടെ പ്രയാസമോർക്കുമ്പോൾ നമുക്കു് അനല്പമായ അനുതാപം തോന്നാറുണ്ടു്. നമ്മുടെ ഇന്നത്തെ ഈ 'പരപ്പു് ഇൻഡസ്ട്രി'യെപ്പററിയും ഭാവിയിലെ സംസ്കാരങ്ങൾ അനുതപിക്കുകയില്ലെന്നു് ആരറിഞ്ഞു!

ഏതായാലും അക്ഷരവിദ്യയും പുസ്തകജ്ഞാനവും മാത്രമാണ്‌ വിദ്യാഭ്യാസമെന്നും അവയെ ആശ്രയിച്ചാൽ മനുഷ്യവർഗ്ഗം മേൽഗതിയെ പ്രാപിച്ചുകൊള്ളുമെന്നും, മറുത്തൊരു ചോദ്യമില്ലാതെ, വിശ്വസിച്ച കാലഘട്ടം കഴിയുകയാണെന്നു് പറയേണ്ടിയിരിക്കുന്നു. ഈ വിദ്യ അറിഞ്ഞുകൂടാത്തവരായി ഇന്ത്യയിൽത്തന്നെ 40 കോടി ജനങ്ങളുണ്ടു്—ലോകത്തിൽ ആകെയുള്ളതിന്റെ നേർ പകുതി! ഇവരെ മുഴുവനും പുസ്തകവിദ്യ പഠിപ്പിച്ചിട്ടു് ഈ ഉപഭൂഖണ്ഡത്തെ കരകേററുവാൻ സാധിക്കുകയില്ല. ആ വഴിക്കു മാത്രമേ ഉൽക്കർഷം പ്രാപിക്കുവാൻ സാധിക്കുകയുള്ളു എന്നും, ആ ഉൽക്കർഷം മാത്രമേ കാമ്യമായുള്ളു എന്നുമാണ്‌ സങ്കല്പമെങ്കിൽ, അതു തങ്ങൾക്കു് ആവശ്യമില്ലെന്നും, അതിനുവേണ്ടി കാത്തിരിക്കുവാൻ തയ്യാറില്ലെന്നും, ഉറപ്പിച്ചു പറയുവാൻ അവർ മടിക്കുകയില്ല എന്നും വന്നേയ്ക്കാം. വിദ്യാഭ്യാസമുള്ളവന്റെ മേന്മയും മഹിമയുമെല്ലാം അടിയന്തരാവസ്ഥയുടെ കാലത്തു് ഈ രാജ്യം കണ്ടതാണ്‌. അന്നത്തെ പ്രചാരണത്തിൽ മതിമയങ്ങി അതിന്റെ അത്ഭുതകരമായ നേട്ടങ്ങളെ പ്രകീർത്തിക്കുകയാണ്‌ അവർ ചെയ്തതു്. അവർ ഒന്നു രണ്ടു നൂററാണ്ടുകളായി പാടിപ്പുകഴ്ത്തുന്ന 'സ്വാതന്ത്ര്യം സമത്വം സാഹോദര്യം' എന്നീ ആദർശങ്ങളെപ്പററി അവർക്കുതന്നെ എത്രത്തോളം മതിപ്പുണ്ടെന്നു് ആ അനുഭവം തെളിയിച്ചു. ഒടുവിൽ, കിത്താബു ചുമക്കാത്ത, പത്രം വായിക്കാത്ത, അന്ധനെന്നും അന്ധവിശ്വാസിയെന്നും ആക്ഷേപിക്കപ്പെട്ടിരുന്ന, സാധാരണമനുഷ്യനാണ്‌ ഭാരതഭൂമിയെ രക്ഷിച്ചതു്. അതു് ഒരു വശം. മറുവശം തെളിഞ്ഞുകണ്ടതു് ലോകത്തിന്റെ തന്നെ മറുവശത്തു്, 1977 ജൂലായ് മാസം 13-ാംതീയതി സൂര്യൻ അസ്തമിച്ചപ്പോഴാണ്‌. ആ കൃഷ്ണപക്ഷരാത്രിയിൽ ന്യൂയോർക്കു് നഗരത്തിലെ വിദ്യുച്ഛക്തിവിതരണം ആകസ്മികമായി സ്തംഭിച്ചു. തൽഫലമായുണ്ടായ കൂരിരുട്ടിൽ, പരിഷ്കാരത്തിന്റെയും ഐശ്വര്യത്തിന്റെയും വിദ്യാഭ്യാസത്തിന്റെയും കേദാരമെന്നു സമസ്തലോകവും കരുതുന്ന ആ മഹാനഗരത്തിൽ, അമേരിക്ക അറിഞ്ഞിട്ടുള്ളതിൽവച്ചു് ഏററവും ഭയങ്കരവും നിർലജ്ജവുമായ കൊള്ളയും കവർച്ചയും നടന്നു. മനുഷ്യവർഗ്ഗത്തിന്റെ മനം മയക്കിയിരിക്കുന്ന ഈ പരിഷ്കാരവും

Digitized by Kerala Sahitya Akademi